കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# കാട്ടൂർ ഗ്രാമപഞ്ചായത്ത്

# 2018-2019

# ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
# E-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി7)394/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020
ഫോൺ-0487 2331249

Email: dotsr.ksad@kerala.gov.in
തിയ്യതി:03.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി7)394/2020 തിയ്യതി:03.06.20

## തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.02.2019 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ 03.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിത.ടി.എസ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ.ഒ.കെ ഓഡിറ്റർ |
| | ശ്രീമതി.രേഖ.ഇ.സി ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.മനോജ് വലിയപറമ്പിൽ 01.04.18 മുതൽ 3.12.18 FNവരെ. |
| | ശ്രീമതി.ബീന രഘു (വൈസ് പ്രസിഡണ്ട്)ചുമതല, 03/12/2018 ANമുതൽ 21/12/2018 FNവരെ. |
| | ശ്രീ.ടി. കെ രമേഷ്, 21/12/2018 ANമുതൽ 31/03/2019 വരെ |
| സെക്രട്ടറി | ശ്രീ.ഷാജിക്. എം.എച്ച്. 1/4/2018 മുതൽ 22/06/2018 വരെ |
| | ശ്രീ. സുരേഷ് .കെ . ആർ 23/06/2018 മുതൽ 31/03/2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ. | ശ്രീമതി.ഭാനുശാലിനി. | 01.04.18 മുതൽ 31.03.19 വരെ. |
| വെറ്ററിനറി സർജൻ | ഡോ.ശ്യാമ.എസ്.എം. | 01.04.18 മുതൽ 31.03.19 വരെ. |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ഷാജി.ആർ.എസ് | 01.04.18 മുതൽ 31.03.19 വരെ. |
| അസിസ്റ്റന്റ്എഞ്ചിനീയർ | അനൂപ്. പി .എൻ. | 01.04.18 മുതൽ 23.07.18 വരെ. |
| | റൂബി മാർക്ക്എടേഴത്ത് | 24.07.18 മുതൽ 31.03.19 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | ഹൃദ്യ.എൻ. | 01.04.18 മുതൽ 31.03.19 വരെ. |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി., കാട്ടൂർ. | ഡോ. പ്രതീഷ് | 01.04.18 മുതൽ 31.03.19 വരെ. |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സ്മിത തോമസ്.കെ | 01.04.18 മുതൽ 31.03.19 വരെ. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടൂർ സർക്കിൾ | ദീപ എസ് | 01.04.18മുതൽ 31.08.18FN വരെ. |
| | ജാസ്മിൻ.സി.എ | 31.08.18ANമുതൽ 31.03.19 വരെ. |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, കരാഞ്ചിറ സർക്കിൾ | ടിറ്റോ കള്ളിവളപ്പിൽ | 01.04.18മുതൽ 03.09.18 FNവരെ. |
| | ആഡ്ലി ഉസ്മാൻ | 03.09.18ANമുതൽ 31.03.19 വരെ. |
| ഹെഡ് മിസ്ട്രസ്, ഗവ. ഹൈസ്കൂൾ കാട്ടൂർ | ശാലിനി.എസ്. | 01.04.18മുതൽ 30.05.18 വരെ. |
| | മരിയ പോൾ. കെ | 01.06.18 മുതൽ 31.03.19 വരെ. |

| | | |
|---|---|---|
| | | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില.ടി.തെയ്യഞ്ചേരി | 01.04.18മുതൽ 31.03.19 വരെ. |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തികവിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | രസീത് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 13 | കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം ഉറപ്പുവരുത്തേണ്ടതും വസ്തുനികുതി തദനുസൃതമായി പുനർനിർണ്ണയിക്കേണ്ടതുമാണ് | 1-13 |
| 14 | എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങളും മറ്റ് ഭൗതികസാഹചര്യങ്ങളും ഉറപ്പു വരുത്തേണ്ടതാണ്. | 1-14 |
| 15 | സുശാന്തം വയോജനക്ഷേമ പരിപാടി- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-15 |
| 16 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| 17 | ക്യാൻസർ നിർണ്ണയ പരിപാടി - രേഖകളും റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല-ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | വിദ്യാർത്ഥി ആരോഗ്യസേന - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-18 |
| 19 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -3923948രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 20 | ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | വ്യക്തിഗത ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ)- രേഖകൾ ഹാജരാക്കിയിട്ടില്ല – 120000 രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 22 | വെള്ളാനി പാടശേഖരസമിതിയിലേക്ക് വെർട്ടിക്കൽ ആക്സിസ് പമ്പ് സെറ്റ് -ബ്ലോക്ക് പഞ്ചായത്തിനു തുക കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-22 |
| 23 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ-355000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - 437500 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ | 1-25 |
| 26 | പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം -സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചില്ല. | 1-26 |
| 27 | വിവാഹധനസഹായം --- അപാകതകൾ | 1-27 |
| 28 | കുടിവെള്ളം - ഗാർഹിക കണക്ഷൻ സബ്സിഡി തുക നൽകൽ ( എസ്. സി.പി)-അപാകതകൾ | 1-28 |

| | | |
|---|---|---|
| 29 | സ്ട്രീറ്റ് ടാപ്പ് വാട്ടർ ചാർജ്ജ്-സംയുക്തപരിശോധന നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-29 |
| 30 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ | 1-30 |
| 31 | ജലസേചനപ്രോജക്ടുകൾ പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 32 | മധുരംപിള്ളി പ്ലാസ്റ്റിക് സംസ്കരണകേന്ദ്രം പ്രവർത്തനം നിലച്ച അവസ്ഥയിൽ | 1-32 |
| | **ഭാഗം 2-വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3 - ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 38 | സ്ഥിരനിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 41 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| 45 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |

# ഭാഗം -1

# പൊതു അവലോകനം

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.18 തിയതിയിലെ തീരുമാനം (1) പ്രകാരവും റിവൈസ്ഡ് ബജറ്റ് 16.02.19 തിയതിയിലെ തീരുമാനം (2) പ്രകാരവും അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 9,44,24,715/- രൂപയും, ചെലവ് 9,45,42,895/- രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് ₹ | 28,71,696 |
| വരവ് ₹ | 5,97,55,236 |
| ആകെ ₹ | 6,26,26,932 |
| ചെലവ് ₹ | 52,679,686 |
| നീക്കിയിരിപ്പ് ₹ | 99,47,246 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9508000 | 9508000 | 9508000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6808000 | 6808000 | 6808000 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4139000 | 4139000 | 4111359 | 27641 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6043193 | 6043193 | 4414000 | 1629193 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 6031 | 214 | 6245 | 0 | 6245 |
| ദുരിതാശ്വാസ നിധി | 0 | 0 | 0 | 0 | 0 |
| (എം.ജി.എന്.ആര്.ഇ.ജി.എസ്) | | | | | |
| തൊഴിലാളുകളുടെ കൂലി | 0 | 11793832 | 1179382 | 1179382 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4312 | 562303 | 566615 | 376486 | 190129 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 88 + 22 = 110 | 61434308 | 84 | 3770681 | 19 | 7 | 76.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4312 | 562303 | 566615 | 376486 | 190129 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11793832 | 11793832 | 11793832 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50760 | 40 |
| കർഷകതൊഴിലാളി വേതനം | 2990000 | 207 |
| വിധവാപെൻഷൻ | 10251400 | 790 |
| വാർദ്ധക്യകാലപെൻഷൻ | 14889100 | 1105 |
| വികലാംഗപെൻഷൻ | 2968100 | 219 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1129800 | 87 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 86,619/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വരവിനങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രശീതി ബുക്കുകളുടെ പരിപാലനത്തിൽ പിഴവുകൾ സംഭവിക്കുന്നതായി കാണുന്നു.(ഖ.1.12)ആയത് ഒഴിവാക്കാൻ ആഭ്യന്തരമേൽനോട്ടം കർശനമാക്കേണ്ടതാണ്.

2.വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

3.പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

4.അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.അസ്സറ്റ് രജിസ്റ്റർ നവീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/02/2020 | ഡിസംബർ 2019 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 02/07/2019 മുതൽ 12/07/2019 വരെ | 2014-15 മുതൽ 2018-19 വരെ | ആഗസ്റ്റ് 2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1തൻവർഷം**

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1831653 | 1799033 | 36654 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1831653 | 1799033 | 65357 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1063912 | 1040767 | 32527 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1063912 | 1031526 | - | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.2കുടിശ്ശിക**

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12201 | 12048 | 0 |

| | | | |
|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 11752 | 0 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 52552 | 52641 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | - | 52650 | - |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br><br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)**

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 93209 | 681 | 93890 | 91312 | 607 | 91919 | 2007 | - | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 53724 | 2709 | 56433 | 52452 | 2629 | 55083 | 1670 | - | 0 | 0 | 0 |
| | | 146933 | 3390 | 150323 | 143764 | 3236 | 147002 | 3677 | - | 0 | 0 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 150323 | | | 146650 | | | - | 150323 | | | |
| | | .........+....... =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 3917 | 3755 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 9791 | 9333 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19

വർഷത്തിൽ കാട്ടൂർ ഗ്രാമപഞ്ചായത്തിൽ 97 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2895565മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 146650രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം143766 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 150323 രൂപയാണ്.(വൗച്ചർ 41800260തീ.31.3.19)

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101- Advance collection of revenues - Property tax on Residential building | 527630 | 65354+3=65357 |
| 2 | Property tax on Non-Residential building | 300346 | - |

2.9 അഡ്വാൻസ് കളക്ഷൻ റസിഡൻഷ്യൽ ലെഡ്ജർ പ്രകാരം 467465 രൂപയും നോൺ റസിഡൻഷ്യൽ ലെഡ്ജർ പ്രകാരം 290555 രൂപയും എഴുതി തള്ളിയതായി കാണുന്നു. ആയതിന്റെ വൗച്ചറുകളും രേഖകളും ഹാജരാക്കിയിട്ടില്ല.

2.10.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട് )

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent from Building | 960790<br>48522 | 23.11.18<br>30.03.19 | 41800090<br>41800201 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

3.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (479838) |
| 280100104-Prior period income-Property tax on non residential buildings | (344824) |
| 280800601-Prior period revenue grants & Contributions | (20000) |
| 280800101-Prior period-Establishment expenses | (3252) |
| 280800301- prior period – operations and maintenance expenses | 168000 |

4.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7075550 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12250827രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 14825രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ.വില രേഖപ്പെടുത്തുന്നില്ല.ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

8.സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-12 രസീത്ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1ലെ ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ,2011 ചട്ടം 19 പ്രകാരം ഏത് പണമിടപാട് വീഴ്ച കൂടാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടത് ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ(63113,63116), മെഡിക്കൽ ഓഫീസർ(35495) എന്നിവർക്ക് കൈമാറിയ രശീത് ബുക്കുകൾ കൈകാര്യം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. <u>അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയ **35497** എന്ന രശീത് ബുക്ക്-അപാകതകൾ :</u>

**i) 35497** എന്ന രശീത് ബുക്കിന്റെ രശീതി നമ്പർ 16 ,17 എന്നിവ 12.2.2020-ലാണ് എഴുതിയിരിക്കുന്നത്. അതിനുശേഷമുള്ള 18,19,20 എന്നിവ ഉപയോഗിച്ചിട്ടില്ല. പിന്നീട് 21,22,23 എന്നീ രസീതികൾ ഉപയോഗിച്ചിരിക്കുന്നത് 25.10.19 എന്ന തീയതിയിലാണ്.

25.10.19 തീയതിയിൽ 12,13 രസീതുകൾ ഉപയോഗിച്ചതിന് ശേഷം പിന്നീട് 21,22,23 രസീതുകളാണ് ഉപയോഗിച്ചിരിക്കുന്നത് . 18,19,20 രസീതുകൾ ഉപയോഗിച്ചതായോ റദ്ദ് ചെയ്തതായോ കാണുന്നില്ല.

ഇതിൽ നിന്നും വ്യക്തമായിരിക്കുന്നത് 12 വരെ രസീതുകൾ കൃത്യമായി ഉപയോഗിച്ചതിന് ശേഷം 16 മുതൽ 20 വരെ രസീതുകൾ ഉപയോഗിക്കാതെ 21 മുതൽ വീണ്ടും ഉപയോഗിച്ചെന്നാണ്.

**ii) 35497** എന്ന ഇതേ രസീതിബുക്കിലെ രസീത് നമ്പർ 1,2 എന്നിവ തീയതി രേഖപ്പെടുത്താതെയാണ് ഉപയോഗിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No: 2/26.02.2020) ലഭിച്ച മറുപടിയിൽ അറിയാതെ വിട്ടു പോയി എന്നാണ് സൂചിപ്പിക്കുന്നത്.

**2.** കൃഷി ഓഫീസർക്ക് കൈമാറിയ **63113, 63116** എന്ന രശീത് ബുക്കുകളിലെ-അപാകതകൾ **:**

i)കൃഷി ഓഫീസർക്ക് കൈമാറിയ രസീത് ബുക്ക് നമ്പർ 63113 എന്ന ബുക്കിലെ 85-മത്തെ രസീതു (21.12.19)പ്രകാരം ഉഷ ഗോപി നാഥ് എന്നിവരിൽ നിന്ന് മണ്ണിര കമ്പോസ്റ്റ് (80kg) ഇനത്തിൽ ഈടാക്കിയ 300/-രൂപഅടവാക്കിയതിൽ കുറവ് കാണുന്നു .പകരം 150/- രൂപ അടവാക്കിയതായി കാണുന്നു.

ii)കൃഷി ഓഫീസർക്ക് കൈമാറിയ രസീത് ബുക്ക് നമ്പർ 63116എന്ന ബുക്കിലെ 62-ാമത്തെ രസീതിന്റെ (9.1.2020) അസ്സൽ സാക്ഷ്യപ്പെടുത്താത്ത രീതിയിൽ റദ്ദാക്കിയും അതിന്റെ പകർപ്പിൽ റദ്ദാക്കാത്ത രീതിയിൽ എഴുതുകയും ചെയ്തിരിക്കുന്നു. അതിനടുത്ത രസീതിൽ( 63-മത്തെ) അസ്സലിൽ പകർപ്പ് പതിഞ്ഞതായും കാണുന്നു. 63-ന്റെ പകർപ്പ് ബ്ലാങ്കായും വിട്ടിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (07/27.2.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

**3. 20.04.19 ഇൽ** ഗ്രാമപഞ്ചായത്തിൽ നിന്നും മെഡിക്കൽ ഓഫീസർക്ക്കൈമാറിയ **35495** എന്ന രശീത് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (08 /29.2.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ, കേരളാ ട്രഷറി കോഡ് എന്നിവയിലെ ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് അധികൃതർ പാലിച്ചതായി കാണുന്നില്ല. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതും,മേലുദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവിലെ പോരായ്മകളും, ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകളായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-13 കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം ഉറപ്പുവരുത്തേണ്ടതും വസ്തുനികുതി തദനുസൃതമായി പുനർനിർണ്ണയിക്കേണ്ടതുമാണ്.

2018-19 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വാസഗൃഹങ്ങൾ (ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു) കെട്ടിടഭാഗങ്ങൾ കൂട്ടിച്ചേർക്കുന്നതിനുള്ള പെർമിറ്റ് എടുത്തതായി കാണുന്നു.

| ക്രമനം | ഫയൽ നം/ തീയതി | ഉടമയുടെ പേര് | കൂട്ടിച്ചേർക്കുന്ന ഭാഗത്തിന്റെ നിർദ്ദിഷ്ട വിസ്തീർണം (ച.മീ) | ആകെ തറവിസ്തീർണം (ച.മീ) |
|---|---|---|---|---|
| 1 | C2-1935/18 /16.04.2018 | രാജൻ | 24.9 | 183.3 |
| 2 | C2-2109/18 / 24.04.2018 | മജീദ് | 154.63 | 185.38 |
| 3 | C2-3149/18 / 25.06.2018 | ബെന്നി | 84.5 | 226.56 |
| 4 | C2-3657/18 / 13.07.2018 | ബിനോയ്കുമാർ | 71.75 | 171.85 |
| 5 | C2-4101/18 / | ആന്റണി | 62.99 | 120.59 |

| | | | | |
|---|---|---|---|---|
| | 16.04.2018 | | | |
| 6 | C2-4831/18 / 05.10.2018 | മൊഹമ്മദ് ബഷീർ | 47.02 | 214.88 |
| 7 | C2-5674/18 / 07.12.2018 | സുപ്രബുധൻ | 171.04 | 269 |
| 8 | C2-449/19 / 31.01.2019 | ദേവസ്സി | 20.11 | 186.26 |
| 9 | C2-5801/18 / 06.12.2018 | ഷീജ | 11.18 | 69.01 |

(ഓഡിറ്റ് എൻക്വയറി നം.18/03.03.2020)

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ പൂർത്തീകരണ പ്ലാനുകൾ നാളിതുവരെ സമർപ്പിച്ചിട്ടില്ലാത്തതാണ്. കൂടാതെ 2016-17 ൽ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ആയവയുടെ കൂട്ടിച്ചേർത്ത ഭാഗത്തിനനുസൃതമായി സോഫ്റ്റ്‌വെയറിൽ നികുതി പരിഷ്കരിച്ചിട്ടില്ല.

എൻക്വയറി റിപ്പോർട്ടിൽ പരാമർശിച്ച കെട്ടിടങ്ങൾ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് തറവിസ്തീർണത്തിനാനുപാതികമായി വസ്തുനികുതി പുനർനിർണ്ണയം നടത്തുമെന്നാണ് മറുപടിയിൽ അറിയിച്ചത്. മേൽ സൂചിപ്പിച്ചവ കൂടാതെ പെർമിറ്റ് എടുക്കാതെ കെട്ടിടം പണിയുകയോ കെട്ടിടഭാഗങ്ങൾ കൂട്ടിച്ചേർക്കുകയോ അനധികൃത കെട്ടിടനിർമ്മാണങ്ങൾ നടത്തുന്നതിന് നീരിക്ഷിക്കുന്നതിന് 03.10.2019 തീയതിയിലെ ഉത്തരവ് പ്രകാരം വാർഡുക്ലർക്കുമാരെയും ഓവർസിയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചത്.

പെർമിറ്റ് രജിസ്റ്ററിൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാനും ആയതനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ.

## 1-14 എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങളും മറ്റ് ഭൗതികസാഹചര്യങ്ങളും ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികൾ | 17 |
| സ്വന്തമായി കെട്ടിടമുള്ളവ | 15 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| കുടിവെള്ള കണക്ഷൻ ഉള്ളവ | 14 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 17 |
| ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യമുള്ളവ | 1 |
| 2018-19 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചവ | 16 |

(ഓഡിറ്റ് എൻക്വയറി നം.1/260.02.2020)

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് അങ്കണവാടികൾക്കും സ്ഥലം ലഭിച്ചതായും ഒരെണ്ണത്തിന്റെ പണി പുരോഗമിക്കുന്നതായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷൻ ലഭ്യമാകാത്തവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചതായും അൺഫിറ്റായ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അങ്കണവാടികൾക്ക് കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, മറ്റ് ഭൗതികസാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ശുപാർശകളും നിർദ്ദേശങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി വിഷയങ്ങളിലെ പുരോഗതി സംബന്ധിച്ച് ചർച്ച നടത്തിയതായി കാണുന്നില്ല. കൂടാതെ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതിയും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട് പുരോഗതിയും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 1-15 സുശാന്തം വയോജനക്ഷേമ പരിപാടി- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - S0022/19

അടങ്കൽ തുക – 1,00,000/-

ബിൽ നമ്പർ - 3/18-19 തീയതി 26.07.2018

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പദ്ധതി പ്രകാരം സുശാന്തം - സൊസൈറ്റി ഫോർ കെയർ & കംപാഷൻ (അക്കൗണ്ട് നമ്പർ 6757101000109) എന്ന സൊസൈറ്റിയ്ക്ക് 1,00,000/- രൂപ കൈമാറിയിട്ടുണ്ട്. മേൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 1/26.02.2020). മേൽ പദ്ധതി നിർബന്ധിത പദ്ധതിയായിരുന്നെന്നും ജില്ലാ പഞ്ചായത്തിന് തുക കൈമാറിയെന്നുമാണ് മറുപടിയിൽ അറിയിച്ചത്. മേൽ പദ്ധതിയുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-16 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - S0039/19

അടങ്കൽ തുക – 4,70,000/-

ബിൽ നമ്പർ - 15/18-19 തീയതി 25.03.2019 തുക -65455/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പിഎച്ച്.സി., കാട്ടൂർ

മേൽ ബില്ലിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 33805/- രൂപയുടെ മരുന്ന് ലഭിക്കുന്നതിന് തുക കൈമാറിയിട്ടുണ്ട്. ആയതിനുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്കുള്ള മരുന്നായതിനാലും അടിയന്തര ഘട്ടങ്ങളിൽ ആവശ്യമുള്ള മരുന്നായതിനാലും മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെടേണ്ടതാണ്.

## 1-17 ക്യാൻസർ നിർണ്ണയ പരിപാടി - രേഖകളും റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല-ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - S0065/19

അടങ്കൽ തുക – 1,00,000/-

ചെലവ് – 1,00,000/-

ബിൽ നമ്പർ /ചെക്ക് നമ്പർ - 12/18-19 തീയതി 13.03.2019 തുക - 4,000/-

- 13/18-19 തീയതി 13.03.2019 തുക - 36,000/-

- നം. 1383345 / 16.03.2019 തുക - 43,717/-

- നം. 1383352 / 30.03.2019 തുക - 16,283/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പിഎച്ച്.സി., കാട്ടൂർ

മേൽപദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നാളം- ക്യാൻസർ നിർണ്ണയ പരിപാടി നടത്തുന്നതിന് വേണ്ടി 2018-19 വർഷത്തിൽ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ടി പ്രോജക്ട് മുഖേന രോഗനിർണ്ണയ ക്യാംപ് നടത്തുന്നതിനും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ചെലവുകളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| വൗച്ചർ തീയതി | ഇനം | തുക | ബിൽ നം/ തീയതി |
|---|---|---|---|
| 30.12.18 | ഭക്ഷണം | 4000/- | 12/18-19 തീ. 13.03.2019 തുക 4000/- |
| 19.01.19 | ക്യാൻകെയർ, എറണാകുളം | 12000/- | 13/18-19 തീ. 13.03.2019 തുക 36000/- |
